ഉത്തരം

(എ) ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൈത്രി ഭവന പദ്ധതിക്ക് രൂപം നൽകിയിരുന്നു.

(ബി) പ്രതിമാസം 1800 രൂപ വരെ കുടുംബ വരുമാനമുള്ളവരും വാസ യോഗ്യമായ വിടില്ലാത്തവരും എന്നാൽ വീട് നിർമ്മിക്കുവാൻ അനുയോജ്യമായ ഭൂമിയുള്ളവരുമായ ആളുകൾക്കാണ് ഈ പദ്ധതിപ്രകാരം വായ്പ ലഭിക്കുന്നത്. ടി പദ്ധതി പ്രകാരം 30,000 രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന വീടുകളുടെ നിർമ്മാണത്തിന് ബോർഡ് വായ്പയായി 19,000 രൂപയും സർക്കാർ സബ്സിഡിയായി 9000 രൂപയും നൽകുന്നു. കൂടാതെ 1000 രൂപ സന്നദ്ധസംഘടനാ വിഹിതവും 1000 രൂപ ഗുണഭോക്തൃവിഹിതവുമാണ്. വായ്പാ തുക 13.5% പലിശ നിരക്കിൽ 168 തുല്യ മാസതവണകളായി തിരിച്ചടക്കണം. തവണ തുക 254 രൂപയാണ്. എല്ലാ മാസവും 10-ാം തീയതിക്കു മുമ്പ് കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 8.5% പലിശ സബ്സിഡി അനുവദിക്കുന്നതാണ്. ഇപ്രകാരമുള്ള ഗുണഭോക്താക്കൾക്ക് തിരിച്ചടവ് നടത്തുവാൻ മാസം 158 രൂപ വീതം അടച്ചാൽ മതിയാകും. ഈ പദ്ധതിയിൽ തന്നെ 12500 രൂപ മുൻകൂറായി നിക്ഷേപിച്ചാൽ ഗുണഭോക്താവിനെ തിരിച്ചടവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 3.75 ലക്ഷം വീടുകൾക്കായി 712 കോടി രൂപ ബോർഡ് വായ്പയെടുത്തിരുന്നുവെങ്കിലും 2.30 ലക്ഷം വീടുകൾക്കായി 437 കോടി രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. ബാക്കി 275 കോടി രൂപ ബോർഡ് വക മാറ്റി ചെലവഴിച്ചതിനാൽ 1.45 ലക്ഷം പേർക്ക് വായ്പ അനുവദിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിരുന്നില്ല.

(സി) മൈത്രി ഭവന പദ്ധതി പ്രകാരം 2001-2002-ൽ 15376 ഗുണഭോക്താക്കൾക്ക് വേണ്ടി 2932.96 ലക്ഷം രൂപയും 2002-2003-ൽ 8279 ഗുണഭോക്താക്കൾക്ക് വേണ്ടി 1140.65 ലക്ഷം രൂപയും വായ്പകളെ ആശ്രയിക്കാതെ സ്വന്തം വരവിൽ നിന്നും ബോർഡ് ചെലവഴിച്ചു.

(ഡി) മൈത്രീ ഭവന പദ്ധതി പ്രകാരം 30-6-2001-ന് മുമ്പ് ബോർഡുമായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രം സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ക്രമത്തിൽ ധനസഹായം അനുവദിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം പുതുതായി അപേക്ഷകൾ സ്വീകരിക്കുന്നില്ല. 2003-2004-ൽ ടി പദ്ധതിക്കായി 60 കോടി രൂപ സബ്സിഡി അഡ്ജസ്റ്റുമെന്റിനായി സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ലോകബാങ്ക് സഹായത്തോടെയുള്ള റോഡ് പുനർ നിർമ്മാണം

41 (3600) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടെ സംസ്ഥാനത്ത് റോഡ് പുനർനിർമ്മാണത്തിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിന്റെ കൺസൾട്ടൻസിയായി ആരെയാണ് നിയമിച്ചത് ;

(സി) ഈ പദ്ധതിയിൽ പൊതുമരാമത്ത് വകുപ്പിന്റെ പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 1600 കി. മീ. റോഡുകൾ വികസിപ്പിക്കുന്നതിനായി ലോകബാങ്ക് ധനസഹായത്തോടെ ഒരു പദ്ധതി (K.S.T.P.) സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്.

(ബി) ലൂയി ബർജർ ഇന്റർനാഷണൽ.

(സി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് ടീമാണ് ഈ പദ്ധതിയുടെ നടത്തിപ്പു ചുമതല വഹിക്കുന്നത്.

ജില്ലാ റോഡുകൾ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന അവസ്ഥ

42 (3601) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷം ആരംഭിച്ചതിനുശേഷം സംസ്ഥാനത്തെ പ്രധാനപ്പെട്ട ജില്ലാ റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നതും തൻമൂലം അപകടം ഉണ്ടാകുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലവർഷാരംഭത്തിൽ വർഷംതോറും ഉണ്ടാകുന്ന ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം ഉണ്ടാകുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കാലവർഷക്കെടുതിമൂലം കേടുവന്ന റോഡുകളുടെ കുഴികൾ അടച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രധാനപ്പെട്ട ജില്ലാ റോഡുകളിൽ BM&AC വർക്കുകൾ നടത്തി കുണ്ടും കുഴിയും വരാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നഗരങ്ങളിലെ റോഡുകൾ വീതി വർദ്ധിപ്പിക്കുന്നതിന് നടപടി

43 (3602) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ റോഡുകൾ, വർദ്ധിച്ചുവരുന്ന വാഹന ഗതാഗതത്തിന് പര്യാപ്തമല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly